<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5432</u> <u>05-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ആർ.ടി.സിയിലെ പുതിയ ടിക്കറ്റ് മെഷീൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. പുതിയ ടിക്കറ്റ് മെഷീൻ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ETM മെഷീനുകൾ മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ NCMC / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഉപയോഗിക്കുന്ന ടിക്കറ്റ് മെഷീൻ വാങ്ങിയ കരാർ കാലാവധി അവസാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കരാർ കാലാവധി ഇനി എത്ര വർഷം കൂടി ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ടിക്കറ്റ് മെഷീനുകളുടെ വാറണ്ടി പിരീഡ് അവസാനിച്ചിട്ടുണ്ട്. പ്രസ്തുത മെഷീനുകൾ AMC (Annual Maintenance Contract) കരാറിലാണ്. നിലവിൽ രണ്ടാംവർഷ AMC-യിൽ ആണ്. രണ്ടുവർഷത്തെ എ.എം.സി. പീരിയഡ് കൂടി ഉണ്ട്. ആകെ നാലു വർഷമാണ് AMC കരാർ. |
| (സി) | 2022-ൽ മേൽപ്പറഞ്ഞ കരാർ പ്രകാരം എത്ര ടിക്കറ്റ് മെഷീനുകൾ ആണ് കെ.എസ്.ആർ.ടി.സി വാങ്ങിയതെന്നും ഓരോ മെഷീനും എത്ര രൂപയായിരുന്നു വിലയെന്നും ഇതിൽ നിലവിൽ പ്രവർത്തനക്ഷമമായ എത്ര മെഷീനുകൾ ഉണ്ടെന്നും അറിയിക്കാമോ; | (സി) | 30.06.2021-ൽ 5500 എണ്ണം ടിക്കറ്റ് മെഷീനാണ് കെ.എസ്.ആർ.ടി.സി. വാങ്ങിയത്. ഓരോ ടിക്കറ്റ് മെഷീനിന്റെ അന്തിമ വില 9233.50/- രൂപയാണ്. 5500 ETM മെഷീനുകൾ വാങ്ങിയതിൽ 5100 എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്. |
| (ഡി) | ഇതിൽ പ്രവർത്തനക്ഷമമല്ലാത്ത എത്ര മെഷീനുകൾ ഉണ്ട്; ഇവയുടെ പുനരുപയോഗം സാധ്യമല്ല എന്ന് കരാർ കമ്പനി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | 400 മെഷീനുകൾ താൽക്കാലികമായി തകരാറായി പ്രസ്തുത വിവരം കമ്പനി അധികൃതരെ അറിയിക്കുകയും ഇവ തകരാർ പരിഹരിച്ച് കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകുന്നതിനുള്ള നടപടികൾ കമ്പനി അധികൃതർ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ഇ) | നിലവിലെ മെഷീനുകൾ കേടുപാടുകൾ പരിഹരിച്ച് ഉപയോഗിക്കുവാൻ സാധിക്കുമെന്നിരിക്കെ നിലവിലെ കരാർ കാലാവധി തീരുന്നതിന് മുമ്പ് പുതിയ മെഷീനുകൾ വാങ്ങുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | (ഇ) | നിലവിൽ ഉപയോഗിച്ച് വരുന്ന ETM മെഷീനുകൾ ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്. സംവിധാനമില്ല, ഓരോ ഡിപ്പോയിലും പ്രാദേശികമായി ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. ഇവയിൽ ക്ലോസ്ഡ് ലൂപ്പ് കാർഡുകൾ മാത്രമേ സ്വീകാര്യമാകൂ. ക്ലോസ്ഡ് ലൂപ്പ് കാർഡുകളിൽ കൂടുതൽ യാത്രാ പാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല. NCMC കാർഡുകൾ നിലവിലെ ETM മെഷീനുകളിൽ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ് ടിക്കറ്റിങ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല.<br><br>നിലവിലുള്ള ടിക്കറ്റ് മെഷീനുകളുടെ വാറണ്ടി പിരീഡ് അവസാനിക്കുകയും പ്രസ്തുത മെഷീനുകൾ AMC കരാറിലാണ് ഉള്ളത്. AMC കരാറിൽ ഉൾപ്പെടുത്തി മെഷീനുകളുടെ കേടുപാടുകൾ പരിഹരിച്ച് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ